സമയത്ത് ഒരു കൺഫ്രേണ്ടേഷൻ ലൈൻ എടുക്കാതെ പെട്ടെന്ന് അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ തീരുമാനിക്കുകയാണ് ചെയ്തത്. അതൊരു ജില്ലാതല സംസ്ഥാനതല പരിപാടി അല്ലാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ക്ഷണിക്കാതിരുന്നത്. അദ്ദേഹത്തെ ക്ഷണിക്കുന്നതിൽ ഗവൺമെന്റിന് വലിയ സന്തോഷമേയുള്ളൂ. ഇക്കാര്യം ഒരു വിവാദമാക്കരുത് എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(9) കഡാവർ കരൾ ശസ്ത്രക്രിയാകേന്ദ്രം

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മലബാറിലെ പാവപ്പെട്ട രോഗികളുടെ ആശാകേന്ദ്രമാണ് കോഴിക്കോട് മെഡിക്കൽ കോളേജ്. കേരളത്തിലെ ഒരു മെഡിക്കൽ കോളേജിലും കഡാവർ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കിയത്. സ്വകാര്യ ആശുപത്രികളുമായി ടൈഅപ്പ് ഉണ്ടാക്കി 'മൃതസഞ്ജീവനി' പദ്ധതിയുടെ ഭാഗമായിട്ടാണ് ഇപ്പോൾ അത്തരം ശസ്ത്രക്രിയ നടക്കുന്നത്. അതിന് സ്വകാര്യ ആശുപത്രികൾ വലിയ ഫീസാണ് ഈടാക്കുന്നതെന്ന് എല്ലാവർക്കുമറിയാം. മെഡിക്കൽ കോളേജിൽ അങ്ങനെയൊരു സൗകര്യമുണ്ടായാൽ പാവപ്പെട്ട രോഗികൾക്ക് അത് വലിയ സഹായകരമായിരിക്കും. തിരുവനന്തപുരത്ത് അതിന്റെ പ്രവർത്തനം ഇതിനകംതന്നെ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിലാണെങ്കിൽ യോഗ്യതയുള്ള ഡോക്ടർമാരും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമുണ്ട്. അതുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിനെ കഡാവർ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാകേന്ദ്രമാക്കി മാറ്റുന്നതിനാവശ്യമായ സാമ്പത്തിക സാങ്കേതിക സൗകര്യങ്ങൾ ചെയ്തുകൊടുത്ത് മലബാറിലെ രോഗികളെ രക്ഷിക്കണമെന്ന ഒരു അഭ്യർത്ഥനയാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, നമ്മുടെ രാജ്യത്ത് അവയവമാറ്റം നടത്തുന്നത് കേന്ദ്ര നിയമം അനുസരിച്ചാണ്. വളരെ കർശനമായ നിബന്ധനകളാണ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. അവയവമാറ്റം കച്ചവടമാകുന്നുവെന്ന് വ്യാപകമായ പരാതികളുണ്ടായ സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ ഇതുസംബന്ധിച്ച നിയമം കർശനമാക്കിയത്. ഇത് ജീവിച്ചിരിക്കുന്ന വ്യക്തികളിൽനിന്നും അവയവം സ്വീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ്. എന്നാൽ അപകടമരണം സംഭവിക്കുകയോ മസ്തിഷ്കമരണം സംഭവിക്കുകയോ ചെയ്യുന്ന ആൾക്കാരിൽനിന്നും അവയവം സ്വീകരിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

കുറച്ചുകൂടി ലളിതമായ പ്രക്രിയകളാണുള്ളത്. അപകടമരണം സംഭവിക്കുകയോ മസ്തിഷ്കമരണം സംഭവിക്കുകയോ ചെയ്യുന്നവരിൽനിന്നും ഉപയോഗപ്രദമായ അവയവങ്ങൾ രോഗികൾക്ക് നൽകുന്നതിനായി 'മൃതസഞ്ജീവിനി' എന്ന ഒരു പദ്ധതി 2012 ആഗസ്റ്റ് മാസം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഇത് തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് മോണിറ്റർ ചെയ്യുന്നത്. മരണപ്പെട്ട വ്യക്തികളുടെ ശരീരം ലഭ്യമായാൽ ബന്ധുക്കളുടെ സമ്മതത്തോടെ കണ്ണ്, കിഡ്നി, ലിവർ, ഹൃദയം തുടങ്ങിയവ ഉപയോഗിക്കുന്ന പദ്ധതിയാണ് മൃതസഞ്ജീവിനിയിലൂടെ ആവിഷ്കരിച്ചിട്ടുള്ളത്. അവയവങ്ങൾ ആവശ്യമുള്ള രോഗികളുടെ ലിസ്റ്റ് അപേക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി രജിസ്റ്റർ ചെയ്യുവരുടെ പേരുവിവരം നെറ്റിൽ പ്രസിദ്ധീകരിക്കുകയും കഡാവർ ലഭ്യമാകുന്ന അവസരത്തിൽ അവർ ഏത് ആശുപത്രിയിലാണോ ചികിത്സ തേടുന്നത് അവിടെ ലഭ്യമാക്കുകയും ചെയ്യും. സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ പ്രധാനമായും കൈകാര്യം ചെയ്യുന്നത് കിഡ്നി, കണ്ണ് എന്നിവയുടെ ട്രാൻസ്പ്ലാന്റേഷനാണ്. 'മൃതസഞ്ജീവിനി പദ്ധതി' വന്നശേഷം ഇതുവരെ 355 കഡാവർ ട്രാൻസ്പ്ലാന്റേഷൻ നടന്നിട്ടുണ്ട്. കിഡ്നി-238, ലിവർ-97, ഹൃദയം-14, പാൻക്രിയാസ്-1, പെരുകുടൽ-1 എന്നിങ്ങനെയാണ്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഇപ്പോൾ നടക്കുന്നത് പ്രധാനമായും എറണാകുളത്തുള്ള അമൃത, കിംസ്, ലേക് ഷോർ, മെഡിക്കൽ ട്രസ്റ്റ് എന്നീ ആശുപത്രികളിലാണ്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ പദ്ധതി ആരംഭിക്കണമെന്ന നയപരമായ തീരുമാനം ഈ സർക്കാർ കൈക്കൊള്ളുകയും ആദ്യപടിയായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇത് നടപ്പിലാക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി, ബന്ധപ്പെട്ട ജീവനക്കാർക്ക് പരിശീലനം നൽകി അവരെ സജ്ജരാക്കുകയെന്നതാണ് ആദ്യഘട്ടം. ഇക്കാര്യം പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൈകാതെതന്നെ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്തതായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇത് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ താമസിയാതെ തന്നെ ആരംഭിക്കുന്നതാണ്. രണ്ടാംഘട്ടമായി

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുകയെന്നതാണ് സർക്കാരിന്റെ തീരുമാനം.

V മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 47(2) പ്രകാരം

I. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 219, പത്താം സമ്മേളനത്തിലെ 2332 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

II. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ.പി. കെ.കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2274,2306 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

III. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹൗസിംഗ് ബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2812-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഒരു നൂറ്റാണ്ടായി കേരളത്തിന്റെ സ്വപ്നവും കാൽ നൂറ്റാണ്ടായുള്ള പ്രതീക്ഷയും സഫലമാകുന്ന സുദിനം സമാഗതമാകുകയാണെന്ന വിവരം ഏറെ സന്തോഷത്തോടും

LIBRARY ARCHIVES Kerala Legislative Assembly